# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 =2026

## എ.ജെ ജെ എം എച്ച് എസ് എസ്
## ചാത്തൻകോട്ടുനട

# സയൻസ്

- സയൻസ് ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കി പുത്തൻ ശാസ്ത്രവിശേഷങ്ങൾ കുട്ടികളിലേക്കെത്തിക്കും.
- ശാസ്ത്ര ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കും .

1. ജൂലൈ 21. – ചാന്ദ്രദിനം
2. സെപ്റ്റംബർ 16 – ഓസോൺ ദിനം
3. ഫെബ്രുവരി 28 – ശാസ്ത്രദിനം

- മാസത്തിലൊരിക്കൽ ശാസ്ത്ര ക്വിസ് സ്കൂൾ തലം
- സയൻസ് ലാബ് , ICT സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പഠന പ്രവർത്തനങ്ങൾ
- ശാസ്ത്ര വിഷയങ്ങളിൽ ശിൽപ്പശാലകൾ
- YIP ,ബാല ശാസ്ത്ര കോൺഗ്രസ്, ടാലന്റ് സേർച്ച് എക്സാം തുടങ്ങിയ മത്സരപ്പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്നു.
- ശാസ്ത്രമേളകൾ സംഘടിപ്പിക്കുന്നു.

- ഓഷധത്തോട്ടം , പച്ചക്കറിത്തോട്ടം വിപുലീകരിക്കൽ
- അടൽ ടിങ്കറിങ്ങ് ലാബ് പ്രയോജനപ്പെടുത്തി ഗവേഷണത്തിന് അവസരം നൽകുന്നു.

## സോഷ്യൽ സയൻസ്

- ദിനാചരണങ്ങൾ സമുചിതമായി നടത്താൻ തീരുമാനിച്ചു.

1. ലഹരി വിരുദ്ധ ദിനം – ജൂൺ 26
2. ജനസംഖ്യാ ദിനം – ജൂലൈ 11
3. ഹിരോഷിമ – നാഗസാക്കി – ആഗസ്റ്റ് 6,9
4. സ്വാതന്ത്ര്യ ദിനം – ആഗസ്റ്റ് 15
5. ഗാന്ധിജയന്തി – ഒക്ടോബർ 2
6. റിപ്പബ്ലിക് ദിനം – ജനുവരി 26

- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു
- സാമൂഹ്യശാസ്ത്രമേളകൾ സ്കൂൾതനത്തിൽ സമുചിതമായി നടത്തി സബ് ജില്ലയിലും സാന്നിധ്യം ഉറപ്പുവരുത്തും.

പ്രകൃതി താണ്ഡവം നേർക്കാഴ്ച

- ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുന്നു. അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ പ്രാപ്തരാക്കുന്നു.
- നന്മയുടെ നുറുങ്ങുവെട്ടം പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.
- സാമൂഹ്യശാസ്ത്ര ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിൻ്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ

വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു

## ഗണിതം

- ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി നടത്തും

1. നവംബർ. 23. ഫിബനോക്കി ഡേ
2. ഡിസംബർ 22 – മാത്സ് ഡേ

- വിവിധ പരീക്ഷകൾക്ക് കുട്ടികൾക്ക് ഗണിതവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുന്നു USS ,NMMS ,ന്യൂ മാത്സ് , ടാലന്റ് സേർച്ച് എക്സാം
- ശാസ്ത്രമേള മത്സര ഇനങ്ങളെ പറ്റി വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു
- ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു
- ഗണിതത്തിൽ പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു
- PUZZLE ബോക്സ്

എല്ലാ ക്ലാസുകളിലും ഒരു ബോക്സ് സ്ഥാപിക്കുകയും ആഴ്ചയിൽ ഒരു പസിൽ വീതം ക്ലാസുകളിൽ അവതരിപ്പിക്കുന്നു അതിൻ്റെ വിജയിയെ കണ്ടെത്തുന്നു

- QUIZ TEAM

ഹൈസ്കൂളിലും യുപിയിലും ഗണിതശാസ്ത്രത്തിൽ താല്പര്യമുള്ള കുട്ടികളെ ചേർത്ത് ഒരു ടീം രൂപീകരിക്കുന്നു മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ഇവർക്ക് വേണ്ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നു

## മലയാളം

- ഈ വർഷം കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുക എന്നതിന് പ്രാധാന്യം നൽകും
- സാഹിത്യകാരന്മാരുടെ ദിനാചരണങ്ങൾ സ്കൂൾ തലത്തിലും സമുചിതമായ ആഘോഷിച്ചു സാഹിത്യകാരന്മാരുടെ കൃതികൾ കുട്ടികളെ പരിചയപ്പെടുത്താൻ മലയാള വിഭാഗം മുൻകൈയെടുക്കും
- ക്ലാസ് തല ലൈബ്രറികളുടെ

ശാക്തീകരണം നടപ്പിലാക്കും കുട്ടികൾക്ക് വായനയുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിച്ചു സമ്മാനങ്ങൾ നൽകും

- ഉണർവ്

പ്രൈമറി തലത്തിൽ കുട്ടികളുടെ ഭാഷാനൈപുണിയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ എഴുത്തും വായനയും ബുദ്ധിമുട്ടുള്ള കുട്ടികൾക്കായി ക്ലാസ് സമയത്തിന് പുറമേ ഉണർവ്വ് എന്ന പേരിൽ ഭാഷാ നൈപുണി ക്ലാസ് സംഘടിപ്പിക്കും ഭാഷയുടെ അടിസ്ഥാന ഘടകങ്ങളായ ചിഹ്നങ്ങൾ അക്ഷരങ്ങൾ എന്നിവ ഉറപ്പിക്കുകയാണ് ലക്ഷ്യം എഴുത്ത് വായന ഉറപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി കുട്ടികളെ മാസാമാസം വിലയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ മൊഡ്യൂളിൽ കൊണ്ടുവരുകയും ചെയ്യും

- പാഠഭാഗവുമായി ബന്ധപ്പെട്ട റീൽസ് നിർമ്മാണം കുട്ടികളെ പരിശീലിപ്പിക്കും
- അവധിക്കാലത്ത് നാടക കളരി സംഘടിപ്പിക്കുന്നു
- കുട്ടികളുടെ സർഗ്ഗവാസന വളർത്തുന്ന

പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും.

## പ്രവൃത്തിപരിചയം

- WE ക്ലബ്ബ് രൂപീകരണം നടത്തി കുട്ടികൾക്ക് വിവിധ മേഖലകളിൽ പരിശീലനം സംഘടിപ്പിക്കാൻ തീരുമാനിച്ചു.
- കുട്ടികളെ കൊണ്ട് ഓണത്തിന് ആവശ്യമായ ചെണ്ടുമല്ലിപ്പൂക്കൾ വീടുകളിൽ കൃഷി ചെയ്യിക്കും.

- ശാസ്ത്രമേള മത്സര ഇനങ്ങളെ പറ്റി വർക്ക് ഷോപ്പ് സംഘടിപ്പിച്ച മത്സര ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകും.
- സ്കൂൾ സബ്ജില്ലാ ജില്ലാതല ശാസ്ത്രമേളകൾക്ക് കുട്ടികളെ പരിശീലിപ്പിക്കും.
- LED ബൾബ് നിർമ്മാണ ശില്പശാല സംഘടിപ്പിക്കും.
- STAR MAKING പരിശീലനം കുട്ടികൾക്ക് നൽകും.
- കേക്ക് നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു.

- സ്കൂളിലേക്ക് ആവശ്യമായ റൈറ്റിംഗ് ബോർഡ് നിർമ്മാണം.
- അലങ്കാരവസ്തുക്കളുടെ നിർമ്മാണത്തിന് ആവശ്യമായ പരിശീലനം കുട്ടികൾക്ക് നൽകും

## ഹിന്ദി

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കും.
- എട്ടാം ക്ലാസിൽ അക്ഷരമാല അടങ്ങിയ കാർഡ് നൽകി അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു .ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു .ഇങ്ങനെ അക്ഷരം ' ചിഹ്നം തുടങ്ങിയവ തിരിച്ചറിയാനും എഴുതാനും വായിക്കാനും കണ്ടെത്താനും കുട്ടികളെ പ്രാപ്തരാക്കുന്നു.
- ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ ഇവ പരിചയപ്പെടുത്തുന്നു. ക്ലാസിലെ ഓരോ

വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതിക്കുന്നു .വർക്ക് ഷീറ്റുകൾ നൽകി ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു.

- ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും കൂടുതൽ പരിശീലനങ്ങൾ .കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവയിലൂടെ നൽകുന്നു.

- നാമം ,സർവ്വനാമം ,വിശേഷണം എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.പാഠ ഭാഗത്തുനിന്ന്  നാമം സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു.

- പോസ്റ്റർ തയ്യാറാക്കാനുള്ള പരിശീലനം നൽകുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു.
- ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തും.
- ഹിന്ദിയിൽ വ്യത്യസ്തമായ കലാപരിപാടികൾ സംഘടിപ്പിക്കുന്നു.

- എല്ലാദിവസവും കുട്ടികളെ കൊണ്ട് ഡയറി എഴുതിപ്പിക്കും.

## ENGLISH

- അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ കുട്ടികളുടെ പഠനനിലവാരം തിരിച്ചറിയുന്നതിന് ഒരു സ്ക്രീനിങ് ടെസ്റ്റ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം നൽകുകയും ചെയ്യും.
- വായനവാരത്തോടനുബന്ധിച്ച് ഇംഗ്ലീഷ് പുസ്തക പരിചയം നടന്നു.
- ഇംഗ്ലീഷ് ക്ലബ്ബിന്റെ  ഉദ്ഘാടനവും അതിനോടനുബന്ധിച്ച് ഇംഗ്ലീഷ് കോർണർ ആരംഭിക്കും .സ്കൂൾ ഓഫീസിനു സമീപം ഒരു നോട്ടീസ് ബോർഡ് സ്ഥാപിക്കുകയും അതിൽ കുട്ടികളുടെ സൃഷ്ടികൾ കഥ, കവിത, പ്രധാന വാർത്തകൾ പദാവലിയുടെ അർത്ഥങ്ങൾ ,ഇംഗ്ലീഷ് വ്യാകരണവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കും. ഓരോ ആഴ്ചയിലും

ഓരോ ഡിവിഷനിലെ കുട്ടികളായിരിക്കും ഇത് ചെയ്യുക .അങ്ങനെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഇംഗ്ലീഷ് പഠന പ്രവർത്തനമായി ഇംഗ്ലീഷ് കോർണർ മാറും.

- കുട്ടികൾക്കായി ക്വിസ് കോമ്പറ്റീഷൻ, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, കവിത രചന 'പദ്യ പാരായണം ,ഇംഗ്ലീഷ് ഉപന്യാസ രചന 'ഇംഗ്ലീഷ് റീഡിങ് മത്സരം തുടങ്ങിയവ സംഘടിപ്പിക്കും

- യുപി ഇംഗ്ലീഷ് മീഡിയം ക്ലാസുകൾക്ക് രണ്ടാഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കണം.
- കയ്യക്ഷരം മോശമായ കുട്ടികൾക്ക് കൈയ്യക്ഷരം മെച്ചപ്പെടുത്തുന്നതിനായി കോപ്പി റൈറ്റിംഗ് പ്രോത്സാഹിപ്പിക്കും.
- ഇംഗ്ലീഷ് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കും.
- ഇംഗ്ലീഷ് ന്യൂസ് റീഡിങ് കോമ്പറ്റീഷൻ സംഘടിപ്പിക്കും.
- പഠന പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് എഴുത്തിലും വായനയിലും പ്രത്യേകമായി പരിശീലനം നൽകുന്നു.

- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് കുട്ടികൾക്ക് വേണ്ടി നടത്തുവാൻ തീരുമാനിച്ചു.

## അറബിക്

- ജൂൺ മാസത്തിൽ തന്നെ പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തുന്നു .അവർക്ക് വേണ്ട പരിശീലനങ്ങൾ നൽകുന്നു..
- വായന ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം.
- അറബിക് ക്ലബ് രൂപീകരിച്ച് അറബിക് ഭാഷയുടെ വളർച്ചയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ജൂലൈ മാസത്തിൽ യൂണിറ്റ് ടെസ്റ്റ് നടത്തുകയും മൂല്യനിർണയ ശേഷം പിന്നോക്കക്കാരായ കുട്ടികൾക്ക് പരിഹാരബോധനം നൽകുകയും ചെയ്യുന്നു.
- ലോക ജനസംഖ്യാദിനം സമുചിതമായ ആചരിക്കുന്നു.
- വൈക്കം മുഹമ്മദ് ബഷീർ ദിനം.
- ഹിരോഷിമ ദിനം ,ക്വിറ്റിന്ത്യാ ദിനം,

നാഗസാക്കി ദിനം, ഇന്ത്യൻ സ്വാതന്ത്ര്യ ദിനം തുടങ്ങിയ പ്രത്യേക ദിനങ്ങളിൽ പോസ്റ്റർ, ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

- അൽ മഹിർ സ്കോളർഷിപ്പ് പരീക്ഷ
- സ്കൂൾ അറബിക് കലോത്സവം- പരിശീലന പരിപാടികൾ ആരംഭിക്കുന്നു
- ഗാന്ധിജയന്തി ദിനത്തിൽ പോസ്റ്റർ, ഉപന്യാസം രചനകൾ മത്സരമായി നടത്തുന്നു
- ദേശീയ കാൻസർ ദിനത്തിൽ രോഗങ്ങളും പ്രതിരോധങ്ങളും എന്നതിനെ കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുന്നു.
- ലോക അറബിക് ദിനം സമുചിതമായി ആഘോഷിക്കുന്നു.
- ക്രിസ്തുമസ് പരീക്ഷയ്ക്കുള്ള മുന്നൊരുക്കങ്ങൾ ....റിവിഷൻ.
- പരീക്ഷ വിലയിരുത്തുകയും പരിഹാരബോധനം നൽകുകയും ചെയ്യുന്നു.
- അക്കാദമിക് ടാലൻറ് എക്സാം സംഘടിപ്പിക്കുന്നു.
- വാർഷിക പരീക്ഷ തയ്യാറെടുപ്പ്. മുൻ പരീക്ഷകളിലെ ചോദ്യങ്ങളുടെ

വിശകലനം പിന്നോക്കക്കാരെ കണ്ടെത്തി പ്രത്യേക പരിശീലനം എന്നിവ നൽകി കുട്ടികളെ പരീക്ഷയ്ക്ക് തയ്യാറാക്കുന്നു

## ഉറുദു

- ഏക്ക് ബിൻ എലെഫ്സ് പ്രോഗ്രാം

വിദ്യാർത്ഥികളിൽ വായന എഴുത്ത് എന്നീ ശേഷികൾ പരിപോഷിപ്പിക്കാൻ

- ജൂംലകൾ ഖണ്ഡികകളായി കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. വിവിധ ഘട്ടങ്ങളിലൂടെ പരിചയപ്പെട്ട ലക്സകൾ ജൂംലകൾ ബന്ദ്കൾ എന്നിവ ഉപയോഗിച്ച് പതിപ്പ് തയ്യാറാക്കും
- നവംബർ 14 ശിശുദിനം
- നെഹ്റുവും ഉറുദുവും തമ്മിലുള്ള ബന്ധം വെളിപ്പെടുത്തുന്ന സംഭവങ്ങൾ
- വിവരണം തയ്യാറാക്കൽ
- ചിത്രരചന
- ശിശുദിനം ആശംസ കാർഡ്
- നെഹ്റുവിൻറെ വേഷമണിഞ്ഞ് ഉറുദുവിൽ പരിചയപ്പെടുത്തുന്നു
- നെഹ്റുവിനെ കുറിച്ചുള്ള ചെറു വിവരണം

ഉറുദുവിൽ നൽകുന്നു

- ഉറുദു ദിന പോസ്റ്റർ നിർമ്മാണം ഉറുദു ക്വിസ് എന്നീ മത്സരങ്ങൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്നു
- ഇക്ബാൽ പ്രൊഫൈൽ നിർമ്മാണം
- ഉറുദു കവികളുടെയും സാഹിത്യകാരന്മാരുടെയും ഫോട്ടോയോടൊപ്പം ചെറുവിവരണം തയ്യാറാക്കി നൽകുന്നു

## സംസ്കൃതം

- സംസ്കൃത ക്ലബ്ബ് രൂപീകരണം
- രാമായണമാസാചരണം
- രാമായണ ക്വിസ്
- ചിത്രരചന
- വർണ്ണ യോജനം
- കർക്കിടകക വിഭവങ്ങൾ പരിചയപ്പെടൽ
- സംസ്കൃതദിനം സമുചിതമായി ആഘോഷിക്കുന്നു
- സംസ്കൃത അസംബ്ലി
- ഗൃഹോപകരണങ്ങളുടെ പ്രദർശനം
- ഗാന്ധിജിയെ കുറിച്ചുള്ള പതിപ്പ്

തയ്യാറാക്കൽ.

- സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ ഒരുക്കം

## ആരോഗ്യ കായിക വിദ്യാഭ്യാസം

- മാർച്ച് 28 മുതൽ ഏപ്രിൽ 12 വരെ കുട്ടികൾക്ക് വോളിബോൾ കോച്ചിംഗ് ക്യാമ്പും ഷട്ടിൽ ബാഡ്മിൻറൺ കോച്ചിംഗ് ക്യാമ്പും സംഘടിപ്പിച്ചു .വോളിബോൾ കോച്ചിംഗ് ക്യാമ്പിൽ 40 ഓളം കുട്ടികൾ പങ്കെടുത്തു.
- മെയ് ആദ്യവാരം കുട്ടികൾക്ക് ബാസ്ക്കറ്റ്ബോൾ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിച്ചു.
- കുട്ടികൾക്കായി ട്രാഫിക് നിയമങ്ങൾ പൊതുനിരത്തിൽ പാലിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയെ കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.
- കുട്ടികൾക്ക് നിത്യജീവിതത്തിൽ യോഗയുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുകയും വിവിധ തരം യോഗാസനങ്ങൾ പഠിപ്പിക്കുകയും

ചെയ്യുന്നു.

- സംഗീതത്തോടൊപ്പം ചെറിയ നൃത്തച്ചുവടുകളും എക്സർസൈസുകളും ചേർത്ത് സൂംമ്പ ഡാൻസ് പരിശീലിപ്പിക്കുന്നു.
- കുട്ടികളിൽ സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുന്നതിനായി സൈക്കിൾ സവാരി അറിയാത്തവരെ അറിയുന്നവരുടെയും അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾ സവാരി പഠിപ്പിക്കുന്നു.
- ചെസ്സ് പരിശീലനം നൽകുന്നു.
- വിവിധയിനം ഗെയിമുകൾ പ്രധാനമായും വോളിബോൾ ബാസ്ക്കറ്റ്ബോൾ ഷട്ടിൽ ബാഡ്മിൻറൺ കബഡി ത്ലറ്റിക്സ് തുടങ്ങിയവയിൽ പരിശീലനം നൽകുന്നു.
- സ്കൂൾതല സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കുകയും അതിൽ മികവ് തെളിയിച്ചവർക്ക് രാവിലെയും വൈകുന്നേരം അവധി ദിനങ്ങളിലും പരിശീലനം നൽകി സബ്ജില്ലാ മത്സരങ്ങൾക്ക് ഒരുക്കുന്നു.
- നീന്തലിന്റെ ആവശ്യകത ബോധവൽക്കരണം നൽകുന്നു.

താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു.

- വിവിധതരം ഗെയിംസ് തുടങ്ങിയവയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവധി ദിനങ്ങളിൽ പരിശീലനം നൽകുന്നു.
- കുട്ടികളിൽ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി മൈനർ ഗെയിമുകൾ ,എക്സർസൈസ് മുതലായവ പരിശീലിപ്പിക്കുന്നു.
- കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ പുലർകാലം പദ്ധതി വിജയകരമായി നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

## കലാ വിദ്യാഭ്യാസം

- സ്കൂളിലെ വിദ്യാർഥികൾക്ക് ചിത്രകലയിൽ പ്രാവീണ്യം നേടാൻ കഴിവുള്ള കുട്ടികളെ തിരഞ്ഞെടുത്തു ശനിയാഴ്ചകളിൽ പ്രത്യേക പരിശീലനം നൽകാൻ തീരുമാനിച്ചു.
- 2026 ജനുവരി മാസത്തിൽ കുട്ടികളിലെ ചിത്രകാരന്മാരുടെ പെയിൻറിംഗ്

എക്സിബിഷൻ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

## ജാഗ്രത സമിതി

- ജൂൺ മാസത്തിൽ തന്നെ ജാഗ്രത സമിതിയുടെ ക്ലാസ് തല രൂപീകരണം പൂർത്തിയാക്കി 'സ്കൂൾതല ബ്രിഗേഡിയർമാരെ തിരഞ്ഞെടുക്കുന്നു.
- അമ്മമാരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം.
- കുട്ടികളെ കേൾക്കാൻ ഒരിടം.. സ്വതന്ത്ര മൂല. പരാതിപ്പെട്ടി 'സാന്ത്വനം 'സ്ഥാപിക്കും.
- ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട കൈത്താങ്ങും പിന്തുണയും കൊടുക്കും.
- കൗമാര വിദ്യാഭ്യാസം കുട്ടികൾക്കായി ഏകദിന ക്ലാസ് സംഘടിപ്പിക്കും.
- ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തും.

# പരിസ്ഥിതി ക്ലബ്ബ്

- പരിസ്ഥിതി ദിനാചരണം
- വിവിധ മത്സരങ്ങൾ ക്വിസ് പെയിൻറിംഗ് ഉപന്യാസം.
- കുട്ടിക്കർഷകരെ ആദരിക്കൽ.
- മഴയാത്ര കുട്ടികൾക്കായി സംഘടിപ്പിക്കും.
- കർഷകദിനം സമുചിതമായി ആചരിക്കും. പ്രദേശത്തെ മുതിർന്ന കർഷകനെ സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ ആദരിക്കുകയും കുട്ടികൾക്ക് മുതിർന്ന കർഷകനുമായി സംവദിക്കാനുള്ള അവസരം ഒരുക്കുകയും ചെയ്യും.
- പ്രകൃതി യാത്ര സംഘടിപ്പിക്കും സമീപത്തെ ഒരു മലയിലേക്ക് ഫീൽഡ് ട്രിപ്പ്.
- കുട്ടികൾക്ക് വീടുകളിൽ പച്ചക്കറിത്തോട്ടം ഒരുക്കാനായുള്ള പരിശീലനങ്ങളും തൈകളും നൽകും.
- സ്കൂൾ പരിസരം പൂച്ചെടികൾ

നട്ടുപിടിപ്പിച്ചു സൗന്ദര്യവൽക്കരിക്കും.

## ഇൻഫർമേഷൻ ടെക്നോളജി

- മാറിയ പാഠപുസ്തകങ്ങൾ പ്രകാരം കുട്ടികൾക്ക് ഐടിയുമായി ബന്ധപ്പെട്ട ഏത് സോഫ്റ്റ്‌വെയറും പരിചയപ്പെടുത്തി സംശയനിവാരണം നടത്തുന്നു.
- പാഠപുസ്തകങ്ങളിൽ ഉള്ള എല്ലാ ആപ്ലിക്കേഷനുകളും സംശയമുള്ള കുട്ടികൾക്ക്, താല്പര്യമുള്ള കുട്ടികൾക്ക് ലാബ് ഉപയോഗപ്പെടുത്തി പരിചയപ്പെടാനും മികവ് വർദ്ധിപ്പിക്കാനും അവസരം നൽകുന്നു.
- ഐടി മേളകളിൽ കുട്ടികൾക്ക് പരിശീലനം നൽകി ജില്ലാ മേളകര പങ്കെടുപ്പിക്കുന്നു.
- ലിറ്റിൽ കൈറ്റ്സ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തി കുട്ടികളെ തിരഞ്ഞെടുക്കുകയും ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.
- കുട്ടികളുടെ നേതൃത്വത്തിൽ സ്കൂൾ

റേഡിയോ നിലയവും ഫിലിം ഫെസ്റ്റിവൽ എന്നിവയും സംഘടിപ്പിക്കുന്നു.

- ഓണം ക്രിസ്തുമസ് മോഡൽ എക്സാം ആനുവൽ എക്സാം എന്നിവ യഥാക്രമം നടത്തുന്നു.
- സ്കൂൾ വിക്കി, സ്കൂൾ യൂട്യൂബ് ചാനൽ, മന്ത്‌ലി മാഗസിൻ, ഡിജിറ്റൽ മാഗസിൻ എന്നിവ വിജയകരമായി നടത്തിവരുന്നു

## വിജയോത്സവം

- സ്കൂളിലെ **USS ,NMMS** ,സ്കോളർഷിപ്പ് പരിശീലനങ്ങൾ ,**SSLC** പഠന പ്രവർത്തനങ്ങൾ , എന്നിവ വിജയോത്സവം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കും .
- ജൂലൈ മാസത്തിൽ എല്ലാ ക്ലാസുകളിലും മിഡ് ടേം എക്സാം സംഘടിപ്പിക്കും
- സെപ്റ്റംബർ മാസത്തോടെ എസ്എസ്എൽസി കുട്ടികൾക്കുള്ള ഈവനിംഗ് ക്ലാസ് ആരംഭിക്കും
- തുടക്കത്തിലെ പിയർ ഗ്രൂപ്പുകൾ രൂപീകരിക്കും കുട്ടികൾക്കിടയിൽ തന്നെ

ഹെൽപ്പ് ഡെസ്ക് സജ്ജമാക്കും

- ജനുവരിയിൽ തന്നെ എസ്എസ്എൽസി കുട്ടികൾക്ക് പഠന ക്യാമ്പ് ആരംഭിക്കും